"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - വയനാട്, തരിയോട് നിർമ്മല ഹൈസ്കൂളിലെ ക്ളർക്കായ ശ്രീ.ജോഷി.എൻ.കെ ഫയൽ ചെയ്ത റിട്ട് ഹർജി നം. 16789/2024 -യിലെ 03.05.2024 ലെ വിധിന്യായം - പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4251/2024/GEDN തീയതി,തിരുവനന്തപുരം, 08-07-2024

---

പരാമർശം:-

1. 07.02.2024 ലെ സ.ഉ(സാധാ)നം.1078/2024/പൊവിവ. നം. ഉത്തരവ്.
2. റിട്ട് ഹർജി നം. 16789/2024-യിന്മേലുള്ള 03.05.2024 ലെ വിധിന്യായം.
3. വയനാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 25.06.2024 ലെ ഡി.ഇ.ഒ/1060/2024/ബി 4 നം. കത്ത്.
4. വയനാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 25.06.2024 ലെ DDEWYD/1279/2024-B1 നം. കത്ത്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.06.2024 ലെ ഡി.ജി.ഇ/12954/2024-EM 5 നം. കത്ത്.

**ഉത്തരവ്**

വയനാട്, തരിയോട് നിർമ്മല ഹൈസ്കൂളിലെ ക്ളർക്കായ ശ്രീജോഷി.എൻ. കെ ഫയൽ ചെയ്ത റിട്ട് ഹർജി നം. 16789/2024-യിന്മേലുള്ള പരാമർശം(2) വിധിന്യായത്തിൽ ഹർജിക്കാരനെ നേരിൽ കേട്ടതിനുശേഷം എക്സിബിറ്റ് പി. 10 ഹർ ജി 4 മാസത്തിനകം തീർപ്പാക്കാൻ ഒന്നാം എതിർകക്ഷി സർക്കാരിനെ നിർദ്ദേശിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം 27.06.2024 തീയതിയിൽ നേരിൽ കേട്ടു. ഹർജിക്കാരന്റെയും മറ്റു ബന്ധപ്പെട്ട കക്ഷികളുടെയും വാദഗതികൾ ചുവടെച്ചേർക്കുന്നു.

**ഹർജിക്കാരൻ**

3. തരിയോട് നിർമ്മല ഹൈസ്കൂളിലെ വ്യവസ്ഥാപിത എഫ്.ടി.എം തസ്തികയിൽ ജോലിയിൽ 02.06.2008 ന് പ്രവേശിച്ച തന്റെ നിയമനം അനദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 01.06.2011 നാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടുള്ളത്. നിയമനത്തീയതി മുതൽ നിയമനം അംഗീകരിയ്ക്കുന്നതിനായി ബഹു. കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജിയുടെ അടിസ്ഥാനത്തിൽ, സ്കൂളിൽ സംരക്ഷിതാദ്ധ്യാപക നിയമനത്തിനായി ഒഴിവ് മാറ്റിവച്ച 01.06.2010 തീയതി മുതൽ നിയമനം അംഗീകരിച്ചിട്ടുണ്ട്

4. മാനേജ്മെന്റ് സംരക്ഷിത അധ്യാപകരെ നിയമിച്ചിട്ടില്ലാത്തതിനാലാണ് തന്റെ നിയമനം അംഗീകരിക്കപ്പെടാതെ പോയത്. എന്നാൽ മുൻകാല രേഖകൾ പരിശോധിച്ചതിൻ പ്രകാരം മാനേജ്മെന്റ് സംരക്ഷിത അധ്യാപികയ്ക്ക് സ്കൂളിൽ നിയമനം നൽകുകയും 1989 മുതൽ 1993 വരെ അവർ സേവനം ചെയ്ത മാതൃ വിദ്യാലയത്തിൽ തിരികെ പ്രവേശിക്കുകയും ചെയ്തിരുന്നുവെന്ന് കാണുന്നു. കൂടാതെ, 01.06.2010ന് എച്ച്.എസ്.ടി ഇംഗ്ലീഷ് പോസ്റ്റും 01.06.2011ന് എച്ച്.എസ്.ടി ഹിന്ദി പോസ്റ്റും സംരക്ഷിത അധ്യാപകർക്കായി മാറ്റിവെച്ചെങ്കിലും നിലവിൽ വയനാട് ജില്ലയിൽ സംരക്ഷിത അധ്യാപകർ ഇല്ല എന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ രേഖാമൂലം അറിയിക്കുകയും ചെയ്തിരുന്നു.

5. സമാനമായ സാഹചര്യത്തിൽ അനധ്യാപക പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള അനേകം ജീവനക്കാർക്ക് ബഹു. കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സേവനം മുൻകാല പ്രാബല്യത്തോടെ അംഗീകരിക്കപ്പെടുകയും അർഹമായ സാമ്പത്തിക ആനുകൂല്യങ്ങൾ ഇതിനോടകം അനുവദിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതേ സ്കൂളിൽ സേവനം ചെയ്യുന്ന ശ്രീമതി.സ്റ്റെല്ലാ സെബാസ്റ്റ്യന്റെ 01/10/2002 മുതലുള്ള സേവനം നദീറ കേസിലെ ഹൈക്കോടതി വിധിയുമായി ബന്ധപ്പെട്ട് സംരക്ഷിത അധ്യാപക പോസ്റ്റ് മാനേജർ നീക്കി വെച്ചാൽ നിയമന തീയ്യതി മുതൽ നിയമനം നൽകാവുന്നതാണെന്ന ഉത്തരവ് പ്രകാരം അംഗീകരിക്കപ്പെട്ടു. എന്നാൽ തനിക്ക് പ്രസ്തുത നീതി ലഭിച്ചില്ല. കൂടാതെ ഇതേ സ്കൂളിലെ ശ്രീമതി.ആൻസി തോമസിന്റെ 18/06/2001 മുതലുള്ള മുൻകാല നിയമനവും നിയമന തീയ്യതി മുതൽ അംഗീകരിച്ചിട്ടുണ്ട്. സേവനത്തിൽ പ്രവേശിച്ച തീയ്യതി മുതൽ തന്റെ നിയമനം അംഗീകരിയ്ക്കണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

<u>പൊതുവിദ്യാഭ്യാസ ഡയറക്ടർ, വയനാട് വിദ്യാഭ്യാസ ഉപഡയറക്ടർ, വയനാട് ജില്ലാ വിദ്യാഭ്യാസ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ റിപ്പോർട്ട് ചുവടെച്ചേർക്കുന്നു.</u>

6. തരിയോട് നിർമ്മല ഹൈസ്കൂളിൽ എഫ്.ടി.എം ആയിരുന്ന ശ്രീമതി.മേരി ജോർജ്ജ് 02.06.2008ന് ഓഫീസ് അറ്റൻഡന്റായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ 02/06/2008 മുതൽ ശ്രീ.ജോഷി.എൻ.കെയെ മാനേജർ നിയമിച്ച ടി നിയമനം 04/07/2008 ലെ നടപടിക്രമം പ്രകാരം നിരസിച്ചു. ടി സ്കൂൾ പുതിയ സ്കൂളുകളുടെ ഗണത്തിൽപ്പെടുന്നതായതിനാൽ സംരക്ഷിതാദ്ധ്യാപകൻ നിയമിക്കപ്പെട്ടിട്ടില്ല എന്ന കാരണം ചൂണ്ടിക്കാട്ടി 01/02/2006 ലെ ജി.ഒ(പി)നം.46/2006/പൊവിവ ഉത്തരവിനെ അടിസ്ഥാനമാക്കിയാണ് ടി നിയമനം നിരസിച്ചത്.

7. പിന്നീട് പ്രസ്തുത നിയമനം ഈ ഓഫീസിലെ 30/03/2012 ലെ ബി4/661/2012/കെ.ഡിസ് നമ്പർ നടപടിക്രമം പ്രകാരം 01/06/2011 മുതൽ അംഗീകരിച്ചു നൽകിയിരുന്നു. 06/12/2011 ലെ സർക്കാർ കത്തിന്റെയും 25/03/2013 ലെ സ.ഉ (പി) നം.108/2013/പൊവിവ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് ടി നിയമനം 01/06/2011 മുതൽ അംഗീകരിച്ച് നൽകിയത്. 25/03/2013 ലെ സ.ഉ (പി)നം.108/13/പൊവിവ ഉത്തരവിൽ 182 അനദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കാൻ ഉത്തരവ് നൽകിയതിൽ ശ്രീ.ജോഷി.എൻ.കെ ക്രമ നം.142 ആണ്. 02/06/2008 മുതൽ 01/06/2011

വരെയുള്ള നിയമനം അംഗീകരിക്കുന്നതിന് വേണ്ടിയാണ് റിട്ട് ഹർജി 14724/2021 ഫയൽ ചെയ്തിരിക്കുന്നത്.

8. 01/06/2010 മുതലുള്ള എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികയിലെ ഒഴിവ് സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതിന് വേണ്ടി മാറ്റിവെച്ച് 07/01/2010 ന് സ്കൂൾ മാനേജർ അപേക്ഷ നൽകുകയുണ്ടായി. എന്നാൽ, ജില്ലയിൽ എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികയിൽ നിയമിക്കുന്നതിന് സംരക്ഷിതാദ്ധ്യാപകൻ ഇല്ല എന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ സ്കൂൾ മാനേജരെ അറിയിച്ചു. ഇതേ തുടർന്ന് ശ്രീമതി.ജെസ്സ ജോസഫിനെ ദിവസ വേതനത്തിൽ മാനേജർ നിയമിച്ചു. എച്ച്.എസ്.ടി ഹിന്ദി അദ്ധ്യാപകനായ ശ്രീ.എം.കുര്യൻ പ്രധാനാദ്ധ്യാപകനായി പ്രമോട്ട് ചെട്ടപ്പെട്ട 01/06/2011 മുതലുള്ള ഒഴിവ് സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതിനായി മാറ്റി വെക്കുകയും ചെയ്തു. പിന്നീട് എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികയിൽ ശ്രീമതി.ജിൻസി എം.പോളിനെ 01/06/2011 ന് മാനേജർ നിയമിച്ചു. എച്ച്.എസ്.ടി ഹിന്ദി തസ്തികയിലും സംരക്ഷിതാദ്ധ്യാപകനെ വിദ്യാഭ്യാസ ഉപഡയറക്ടർ നിയമിച്ചില്ല. പിന്നീട് 01/06/2019 മുതൽ എച്ച്.എസ്.ടി നാച്ചുറൽ സയൻസ് തസ്തിക സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതിന് മാറ്റിവെച്ച് മാനേജർ ബോണ്ട് സമർപ്പിച്ചിട്ടുണ്ട്. ടി തസ്തികയിൽ 16/12/2021 മുതൽ 22/11/2022 വരെ സംരക്ഷിതാധ്യാപിക ജോലി ചെയ്തിട്ടുണ്ട്. ടിയാരി മാതൃ സ്കൂളിലേക്ക് മടങ്ങിപ്പോയതിനെ തുടർന്ന് സംരക്ഷിതാദ്ധ്യാപികയെ നൽകാനില്ലാത്ത സാഹചര്യത്തിൽ സംരക്ഷിതാദ്ധ്യാപകൻ നിയമിക്കപ്പെടുന്നത് വരെ ദിവസ വേതനത്തിൽ നിയമനം നടത്തുന്നതിന് 31/05/2023 ലെ നടപടിക്രമം പ്രകാരം വയനാട് വിദ്യാഭ്യാസ ഉപഡയറക്ടർ അനുമതി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ദിവസ വേതനത്തിൽ നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്.

9. 01/06/2010 മുതലുള്ള എച്ച്.എസ്.ടി ഇംഗ്ലീഷ് തസ്തികയിലെ ഒഴിവ് സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതിന് വേണ്ടി മാറ്റിവെച്ച് 07/01/2010 ന് ആണ് മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചത്. ശ്രീ.ജോഷി എൻ.കെയുടെ 02/06/2008 മുതൽ 01/06/2011 വരെയുള്ള നിയമനമാണ് അംഗീകരിച്ച് കിട്ടാനുള്ളത്. എച്ച്.എസ്.ടി ഇംഗ്ലീഷ്, എച്ച്.എസ്.ടി ഹിന്ദി തസ്തികകളിൽ മാനേജർ സംരക്ഷിതാദ്ധ്യാപകനെ ആവശ്യപ്പെട്ടുവെങ്കിലും 16/12/2021നാണ് എച്ച്.എസ്.ടി നാച്ചുറൽ സയൻസ് തസ്തികയിൽ ഒരു സംരക്ഷിതാദ്ധ്യാപിക സ്കൂളിൽ നിയമിക്കപ്പെടുന്നത്.

10. തരിയോട് നിർമ്മല ഹൈസ്കൂൾ 22/5/1979 ന് ശേഷം ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽപെട്ടതാണ്. ശ്രീ.ജോഷി എൻ.കെയുടെ നിയമനം പ്രമോഷൻ ഒഴിവിലാണ്. സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി.മേരി ജോർജ്ജിന്റെ നിയമനം അംഗീകരിക്കപ്പെട്ടിട്ടുണ്ട്. നിയമന തീയ്യതിയായ 02/06/2008 ന് ശ്രീ.ജോഷി.എൻ.കെയെ ഉൾക്കൊള്ളുന്നതിനുള്ള ഒഴിവ് ടി സ്കൂളിൽ സ്ഥാപിതമാണ്. 01/06/2010 മുതൽ കോർപ്പറേറ്റ് മാനേജർ സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതിനായി ഒഴിവ് മാറ്റിവെച്ചിട്ടുണ്ട്. എന്നാൽ സംരക്ഷിതാദ്ധ്യാപകന്റെ അഭാവത്തിൽ ടി തസ്തികയിലേക്ക് ആളെ നിയമിക്കാൻ വയനാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കഴിഞ്ഞിട്ടില്ല.

11. ശ്രീ.ജോഷി.എൻ.കെ ഫയൽ ചെയ്ത റിട്ട് ഹർജി.നം.14725/2021 യിലെ ബഹു. കേരള ഹൈകോടതിയുടെ 13/06/2023 ലെ വിധിന്യായം പാലിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശ്രീ.ജോഷി.എൻ.കെയുടെ എഫ്.ടി.എം തസ്തികയിലെ നിയമനം 01/06/2010 മുതൽക്ക് അംഗീകരിച്ചു നൽകുവാനാണ് ആയത് പ്രകാരം ഉത്തരവായിട്ടുള്ളത്. ഈ ഉത്തരവിനെതിരെ 02/06/2008 – 31/05/2010 വരെയുള്ള തന്റെ സേവനകാലം കൂടി അംഗീകരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടാണ് ശ്രീ.ജോഷി.എൻ.കെ റിട്ട് ഹർജി 16789/2024 ഫയൽ ചെയ്തിട്ടുള്ളത്.

12. സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതിനായി തസ്തിക വിട്ടുനൽകിയ തീയതിയായ 01/06/2010 മുതൽ ശ്രീ.ജോഷി.എൻ.കെയുടെ നിയമനം നിലവിൽ അംഗീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം ബോണ്ട് വക്കാത്ത സാഹചര്യത്തിൽ നിയമനം അംഗീകരിക്കാപ്പെടാതിരിക്കുകയും പിന്നീട് ടീച്ചേർസ് പാക്കേജിൽ ഉൾപ്പെടുത്തി 01/06/2011 മുതൽ നിയമനം അംഗീകരിക്കപ്പെടുകയും ചെയ്ത ടീച്ചർമാർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജികളിൽ ബോണ്ട് വച്ചതായി കണക്കാക്കി നിയമനത്തീയതി മുതൽ അംഗീകരിക്കാൻ വിവിധ കേസുകളിൽ വിധിയുണ്ടാവുകയും ആയവ അംഗീകരിച്ചിട്ടുള്ളതുമാണ്. സമാനമായി ഈ ഹർജിയിലെ ആവശ്യവും പരിഗണിക്കാമെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

13. സർക്കാർ ഈ വിഷയം നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും ഹിയറിംഗിൽ ഉന്നയിച്ച വാദഗതികളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വയനാട് ജില്ലയിലെ തരിയോട് നിർമ്മലഭവൻ ഹൈസ്കൂളിൽ 02/06/2008 ന് എഫ്.ടി.എം തസ്തികയിലുണ്ടായ സ്ഥാനക്കയറ്റം മൂലമുള്ള ഒഴിവിലേക്കാണ് 02/06/2008 മുതൽ ഹർജിക്കാരനെ മാനേജർ നിയമിച്ചിട്ടുള്ളത്. എന്നാൽ ടി സ്കൂൾ പുതിയ സ്കൂളുകളുടെ ഗണത്തിൽപ്പെടുന്നതാകയാൽ സംരക്ഷിതാദ്ധ്യാപകനെ നിയമിക്കണമെന്ന 01/02/2006 ലെ സ.ഉ(പി) നം.46/2006/പൊവിവ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല എന്ന കാരണത്താൽ ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയില്ല. പിന്നീട് 01/06/2011 മുതൽ അനദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി നിയമനം അംഗീകരിച്ചു നല്കിയിട്ടുണ്ട്. 02/06/2008 മുതൽ 01/06/2011 വരെയുള്ള നിയമനം അംഗീകരിയ്ക്കണമെന്നതാണ് ഹർജിയിലെ ആവശ്യം.

14. ഹർജിക്കാരന്റെ നിയമനം സ്ഥാനക്കയറ്റം മൂലമുണ്ടായ വ്യവസ്ഥാപിത ഒഴിവിലേക്കാണെങ്കിലും 02/06/2008 മുതൽ ടിയാനെ ഉൾക്കൊള്ളുന്നതിന് തസ്തിക ലഭ്യമാണെങ്കിലും, പുതിയതായി ആരംഭിക്കുന്ന സ്കൂളുകളിൽ സംരക്ഷിതാദ്ധ്യാപകനെ നിയമിയ്ക്കണമെന്ന വ്യവസ്ഥ മാനേജർ പാലിയ്ക്കാതിരുന്നതിനാലാണ് ടിയാന്റെ നിയമനാംഗീകാരം നിരസിച്ചിട്ടുള്ളത്. പിന്നീട് 01/06/2010 മുതൽ മാനേജർ സംരക്ഷിതാദ്ധ്യാപകനെ നിയമിക്കുന്നതിനായി ഒഴിവ് മാറ്റി വച്ചിരുന്നുവെങ്കിലും, സംരക്ഷിതാദ്ധ്യാപകന്റെ അഭാവത്തിൽ ടി തസ്തികയിലേക്ക് ആളെ നിയമിയ്ക്കാൻ വയനാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കഴിഞ്ഞില്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

15. തന്റെ 02/06/2008 മുതലുള്ള നിയമനാംഗീകാരം സംബന്ധിച്ച് ഹർജിക്കാരൻ ഫയൽ ചെയ്ത റിട്ട് ഹർജി നം. 14725/2021 -യിന്മേലുള്ള പരാമർശം(1) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 01/06/2010 മുതൽ ടിയാന്റെ നിയമനം അംഗീകരിച്ചിട്ടുണ്ട്. നദീറ Vs സ്റ്റേറ്റ് ഓഫ് കേരള കേസിന്റെ വിധിന്യായത്തിൽ വിദ്യാഭ്യാസ അധികാരികൾക്ക് സംരക്ഷിതാദ്ധ്യാപകരെ സമയത്തിന് നല്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ നിയമനങ്ങൾ അംഗീകരിയ്ക്കുന്നതിന് തടസ്സമില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് മാനേജർ സംരക്ഷിതാദ്ധ്യാപകനായി ഒഴിവ് മാറ്റിവച്ച 01/06/2010 മുതൽ ടിയാന്റെ നിയമനം അംഗീകരിച്ചു നല്കിയത്. എന്നാൽ, 02/06/2008 മുതൽ തന്റെ നിയമനം അംഗീകരിച്ചു നല്കുന്നതിനാണ് ഹർജിക്കാരൻ നിലവിലെ റിട്ട് ഹർജി ഫയൽ ചെയ്തിട്ടുള്ളത്.

16. അനദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 01/06/2011 മുതൽ നിയമനാംഗീകാരം ലഭിച്ചിട്ടുള്ള ജീവനക്കാരുടെ മുൻകാല സർവ്വീസ് അംഗീകരിയ്ക്കുന്നതു സംബന്ധിച്ച് നിലവിൽ പ്രത്യേക ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ, ഇത് സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ചില കേസുകളിലെ വിധിന്യായത്തിൽ മാനേജർ ബോണ്ട് വച്ചതായി കണക്കാക്കി നിയമനത്തീയതി മുതൽ നിയമനാംഗീകാരം നല്കുവാൻ ബഹു.കോടതി നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെയുള്ള കേസുകളിൽ കോടതിവിധിയുടെ അടിസ്ഥാനത്തിൽ ടി ജീവനക്കാരുടെ നിയമനം നിയമനത്തീയതി മുതൽ അംഗീകരിച്ചു നല്കിയിട്ടുണ്ട്. ഹർജിക്കാരൻ നിലവിൽ ഫയൽ ചെയ്തിട്ടുള്ള കേസിലെ വിധിന്യായത്തിൽ "deemed provision" പരാമർശിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാന്റെ നിയമനം മറ്റു കേസുകളിലെ പോലെ നിയമനത്തീയതി മുതൽ അംഗീകരിയ്ക്കണമെന്ന ആവശ്യം അംഗീകരിയ്ക്കുവാൻ കഴിയുകയില്ല. സംരക്ഷിതാദ്ധ്യാപകനെ നിയമിയ്ക്കുന്നതിനായി മാനേജർ തസ്തിക വിട്ടു നല്കിയ 01/06/2010 തീയതി മുതൽ ടിയാന്റെ നിയമനം നിലവിൽ അംഗീകരിച്ചിട്ടുണ്ട്

17. എന്നാൽ, ശ്രീ.ജോഷി സമർപ്പിച്ച അപ്പീൽ ഹർജിയിൽ സ്കൂളിന്റെ മുൻകാല രേഖകൾ പരിശോധിച്ചതിൽ 1989 മുതൽ 1993 വരെ ലിസി.പി.ജോർജ്ജ് എന്ന അദ്ധ്യാപിക സംരക്ഷണം ലഭിച്ച് ടി സ്കൂളിൽ ജോലി ചെയ്തിരുന്നതായും 10/11/1993 ന് തിരികെ മാതൃവിദ്യാലയത്തിലേക്ക് മടങ്ങിയിട്ടുള്ളതായും 01/06/2010 ന് എച്ച്.എസ്.ടി ഇംഗ്ലീഷ് പോസ്റ്റും 01/06/2011 ന് എച്ച്.എസ്.ടി ഹിന്ദി പോസ്റ്റും സംരക്ഷിതാദ്ധ്യാപകർക്കായി മാനേജർ മാറ്റി വച്ചെങ്കിലും നിലവിൽ വയനാട് ജില്ലയിൽ സംരക്ഷിതാദ്ധ്യാപകർ ഇല്ല എന്ന് അറിയിച്ചിട്ടുള്ളതാണ്. സമാനമായ സാഹചര്യത്തിൽ അനദ്ധ്യാപക പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള അനേകം ജിവനക്കാർക്ക് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നല്കിയ ആനുകൂല്യം തനിയ്ക്ക് ലഭ്യമാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

18. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തരിയോട്, നിർമ്മല ഹൈസ്കൂളിലെ ക്ലർക്കായ ശ്രീ.ജോഷി.എൻ.കെ ഫയൽ ചെയ്ത റിട്ട് ഹർജി നം. 16789/2024 യിൽ പരാമർശിച്ചിട്ടുള്ള 02/06/2008 മുതൽ 31/05/2010 വരെയുള്ള കാലയളവിൽ ടി സ്കൂളിൽ സംരക്ഷിതാധ്യാപകനായി തസ്തിക മാറ്റി വക്കുകയോ, സംരക്ഷിതാദ്ധ്യാപകൻ ജോലിചെയ്യുകയോ ചെയ്തിട്ടുണ്ടോ എന്നത് വ്യക്തമായി സ്കൂൾ റിക്കോർഡുകൾ സഹിതം പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനും, ടി കാലയളവിൽ

സംരക്ഷിതാദ്ധ്യാപകനായി ടി സ്കൂളിൽ ഒഴിവുകൾ മാറ്റി വയ്ക്കുകയോ, സംരക്ഷിതാദ്ധ്യാപകൻ ജോലി ചെയ്തിട്ടുണ്ടെന്നു ബോധ്യപ്പെടുന്ന പക്ഷം മാത്രം ഹർജിക്കാരന്റെ 02/06/2008 മുതൽ 31/05/2010 വരെയുള്ള കാലയളവിലെ നിയമനം, മറ്റു വിധത്തിലും ക്രമപ്രകാരമെങ്കിൽ അംഗീകരിച്ചു നല്കുന്നതിന് വയനാട്, ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നല്കികൊണ്ട് അപ്രകാരം റിട്ട് ഹർജി നം.16789/2024-യിന്മേലുള്ള പരാമർശം(2)ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
ശ്രീ.ജോഷി.എൻ.കെ, ക്ളാർക്ക്, നിർമ്മല ഹൈസ്കൂൾ, തരിയോട്.പി.ഒ, വയനാട്-673575.
മാനേജർ, നിർമ്മല ഹൈസ്കൂൾ, തരിയോട്.പി.ഒ, വയനാട്-673589.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, വയനാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വയനാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, വയനാട്.
വിവരപൊതുജനസമ്പർക്ക(വെബ്&ന്യൂമീഡിയ) വിഭാഗം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ),തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Resmi Babu
Date: 09-07-2024 12:08:05
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുടെ പി.എസിന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ യ്ക്ക്.